For Private Circulation Only

July 2017

ആഗമനാദ്ഭുതൻ

Vol.64 | "ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ" (1കൊരി.16:13) | No.7

ഉണർവിൽ പരിശുദ്ധാത്മാവിന്റെ വിജയം

By Jonathan Goforth (1859-1936)

ചൈനയിൽ കനേഡിയൻ പ്രസ്ബിറ്റേറിയൻ ചർച്ചിന്റെ മിഷ്യനറിയായി കുറെ വർഷങ്ങൾ പ്രവർത്തിച്ച ദൈവദാസനാണ് ജോനാഥാൻ ഗോഫോർത്ത്. 1900 -ലെ ബോക്സർറിബല്യൻ എന്നറിയപ്പെടുന്ന പ്രശ്നത്തിൽ ചൈനയിൽ നൂറുകണക്കിന് മിഷ്യനറിമാരും ആയിരക്കണക്കിന് വിശ്വാസികളും കൊല്ലപ്പെടുകയുണ്ടായി. ആ കാലത്ത് ഗോഫോർത്തും കുടുംബവും അത്ഭുതകരമായി ചൈനയിൽ നിന്നും രക്ഷപ്പെടുവാനിടയായി. അതിന് ശേഷം ചൈനയിലേക്ക് മടങ്ങി വന്നു ജാതികളുടെയിടയിൽ മിഷ്യനറിയായിട്ടും ചൈനീസ് സഭകളിൽ ഒരു ഉണർവ്വിന്റെ ശുശ്രൂഷയുമായി വളരെക്കാലം അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ ചെയ്തു. ജോനാഥാൻ ഗോഫോർത്ത് എഴുതിയ " എന്റെ ആത്മാവിനാൽ " എന്ന " പുസ്തകത്തിൽ നിന്നുമുള്ള മഹാശക്തിയിൽ പ്രവർത്തിക്കുന്ന ദൈവം " എന്ന വിഷയത്തിന്റെ ഒരു ചുരുങ്ങിയ രൂപമാണ് താഴെ ചേർത്തിരിക്കുന്നത്.

"ഷിൻമിൻഫൂ" വിലെ ക്രിസ്തീയ സമൂഹം 1900 കാലഘട്ടത്തിൽ വളരെ പീഠയിലൂടെ കടന്നുപോയി. അത്ഭുതകരമായി രക്ഷപ്പെട്ടവർ നൽകുന്ന വിവരം അനുസരിച്ച് 250-ൽ അധികംപേർ കൂട്ടക്കൊല ചെയ്യപ്പെട്ടു. എന്നാൽ ദൈവം ഒരു വഴി തുറക്കും എന്ന് അവർ കാത്തിരുന്നു.

ഷിൻമിൻ ഫ്യൂവിൽ ക്രമീകരിച്ചിരുന്ന ഒരു ഉണർവ്വു യോഗത്തിന്റെ 4-ാം ദിവസം ഉച്ചകഴിഞ്ഞുള്ള യോഗം നടക്കുയായിരുന്നു. പെട്ടെന്ന് ഒരു ന്യായവിധിയുണ്ടാകുന്നതായി എനിക്ക് തോന്നി. ഒരു മൂന്ന് മണിക്കൂർ യോഗം തുടർന്നനന്തരം ഞാൻ പ്രാർത്ഥിച്ച് ആശീർവാദം പറഞ്ഞു.

പെട്ടെന്ന് ജനത്തിന്റെയിടയിൽ നിന്നും ആവശ്യം ഉണർന്നു. ഞങ്ങളോടും ദയകാണിക്കേണമേ, യോഗം തുടരേണമേ എന്ന് ജനം നിലവിളിച്ചു കൊണ്ടിരുന്നു. ചില ദിവസങ്ങൾ ഞങ്ങൾക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല. ഞങ്ങളുടെ പാപങ്ങൾ കണ്ടുപിടിച്ച് ഉപേക്ഷിക്കുവാൻ അവസരം തരണമേ എന്നവർ അപേക്ഷിച്ചു. സ്ത്രീകളെയും പെൺകുട്ടികളേയും അടുത്തുള്ള പെൺകുട്ടികളുടെ സ്കൂളിലേക്ക് മാറ്റി മീറ്റിംഗ് തുടരുവാൻ ഒരു വനിതാ മിഷ്യനറിയോട് ഞാനാവശ്യപ്പെട്ടു. അല്ലാതെ യോഗം നിർത്തുവാൻ മറ്റൊരു വഴി ഞാൻ കണ്ടില്ല.

അവിടെ പെൺകുട്ടികളും സ്ത്രീകളുടം നിറഞ്ഞപ്പോൾ സുവിശേഷകന്മാരിലൊരാൾ പ്രസംഗപീഠത്തിന്റെ മുമ്പിൽ മുട്ടുകുത്തി. അവന്റെ പാപങ്ങളെ അതുപോലെ ഏറ്റു പറഞ്ഞു. അതിന്റം ഭാരം തന്നിൽ നിന്നും വിട്ടുമാറാതെ അവൻ നിലവിളിച്ചു കൊണ്ടേയിരുന്നു.

ഞാൻ അവനോടു "നീ പാപങ്ങളെ ഏറ്റുപറയുവാൻ തുടങ്ങിയപ്പോൾ തന്നെ, നിന്റെ പാപങ്ങളെയും കഴുകി സകല അനീതിയെയും നീക്കി നിന്നെ ശുദ്ധീകരിച്ചിരിക്കുന്നു ", സമാധാനത്തോടെ പോക. എന്ന് പറഞ്ഞു.

എന്റെ ഏറ്റവും കഠിനമായ പാപം ഏറ്റുപറയുവാൻ എനിക്ക് കഴിയുന്നില്ല, " അവൻ നുറുങ്ങിക്കരഞ്ഞു. " ഞാൻ ക്ഷമിക്കയില്ല.

അപ്പോൾ ഞാൻ പറഞ്ഞു, അങ്ങനെയായൽ ദൈവം നിന്നോടും ക്ഷമിക്കയില്ല.

" എന്നാൽ മാനുഷികമായ നിലയിൽ എനിക്ക് ക്ഷമിക്കുവാൻ സാദ്ധ്യമല്ല. അവൻ തുടർന്നു. 1900 കാലഘട്ടത്തിൽ ഒരു മനുഷ്യൻ കടന്നു വന്ന് എന്റെ പിതാവിനെ കൊന്നു. അപ്പോൾ മുതൽ ഞാൻ ചിന്തിക്കുന്നു, അവനെ കൊന്ന് പ്രതികാരം ചെയ്യുക എന്നത് എന്റെ കർത്തവ്യമാണെന്ന്. തൊട്ടടുത്ത ദിവസം എന്റെ ഒരു സ്നേഹിതൻ എനിക്ക് കത്തെഴുതി. നിന്റെ അപ്പനെ കൊന്നവനോട് നീ ദയകാണിക്കയാണോ? നിനക്ക് എന്റെ സ്നേഹിതനായിരിപ്പാൻ കഴിയില്ല. "ഞാൻ ക്ഷമിക്കയില്ല, ഞാൻ അവനെ കൊല്ലും".

" അപ്പോൾ ഞാൻ ഭയന്നു, ഞാൻ പറഞ്ഞു ദൈവവചനം ഇങ്ങനെ പറയുന്നു നീ ക്ഷമിച്ചില്ലെങ്കിൽ ദൈവം നിന്നോടും ക്ഷമിക്കയില്ല". അവന് കൂടുതലായി ഒന്നും പിന്നെ പറയാൻ കഴിഞ്ഞില്ല. അവൻ വീണ്ടും മുഴങ്കാലിൽ നിന്ന് നിർത്താതെ കരഞ്ഞുകൊണ്ടിരുന്നു.

ഉടനെ ഒരു സ്കൂൾ വിദ്യാർത്ഥി എഴുന്നേറ്റു പറഞ്ഞു. 1900-ൽ ആളുകൾ എന്റെ വീട്ടിലും വന്നു, എന്റെ പിതാവിനെയും കൊന്നു. അന്ന് എനിക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. എന്നാൽ ഞാൻ വളരും; ഞാൻ അതിന് പ്രതികാരം ചെയ്യും എന്ന് ചിന്തിച്ചു. എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവ് എന്നെ നിസഹായകനാക്കിത്തീർക്കുന്നു. എനിക്കു കഴിക്കുവാനോ ഉറങ്ങുവാനോ ഒന്നും ചെയ്യുവാനോ കഴിയുന്നില്ല. ഇപ്പോൾ ദൈവം എന്നോടു സംസാരിക്കുന്നു, യേശുവിനുവേണ്ടി ആ കൊലയാളിയോടു ക്ഷമിക്കണം. എനിക്കുവേണ്ടി പ്രാർത്ഥിക്കുമോ?

മറ്റൊരു കുട്ടി പറഞ്ഞു, ആളുകൾ അവന്റെ വീട്ടിലും പോയി അപ്പനും അമ്മയെയും മൂത്തസഹോദര

(ശേഷം 5-ാംപേജിൽ)

നിങ്ങളുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞുവോ?

By E.A.Johnson

എഫെസോസിലെ സഭയ്ക്ക് പരിശുദ്ധാത്മാവു ദൂതു പറയുമ്പോൾ, അവരുടെ പ്രവൃത്തിയെക്കുറിച്ച് സംസാരിക്കുന്നു. അവരുടെ തെറ്റിനുള്ള ന്യായവിധിയെക്കുറിച്ച് സംസാരിക്കുന്നു. അവരുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന കുറ്റം വെളിപ്പെടുത്തിയിട്ട് ആദ്യ സ്നേഹത്തിലേയ്ക്ക് മടങ്ങി വരുവാൻ അവരെ വിളിക്കുന്നു (വെളി. 2:2-7).

നാം നമ്മുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞിരിക്കുന്നു. എങ്കിൽ നാം വാസ്തവത്തിൽ അപകടത്തിലാണ്. ദൈവത്തോടും നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളുടെ വിഷയത്തിലും നാം ജാഗ്രത പുലർത്തുന്നുണ്ടോ? ദൈവവിഷയങ്ങളെക്കാളുമുപരി ലോക വിഷയങ്ങളുമായി താൽപര്യത്തിലാണോ?

നാം ദൈവമക്കളായിരിക്കുന്നു, ദൈവത്തെ സ്നേഹിക്കുന്നു. നാം സഭയിൽ നല്ല നിലയിലോ അല്ലെങ്കിൽ കുറഞ്ഞ നിലയിലോ കാര്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. സ്വാഭാവികമായി പെട്ടെന്ന് ദൈവത്തെ വിട്ടുമാറുവാൻ നമുക്ക് സാദ്ധ്യമല്ല. അനവധി നന്മകളും തന്റെ അഭിഷേകവും നമുക്ക് തന്നിരിക്കുന്നു. സാത്താൻ തന്റെ പ്രവൃത്തിയിൽ ജാഗ്രതയോടെ ആയിരിക്കുന്നു. സാത്താൻ ഒരു വിശ്വാസിയെ പെട്ടെന്ന് ആക്രമിച്ച് പാപത്തിലേയ്ക്ക് കൊണ്ടുപോകാറില്ല. ബുദ്ധിപൂർവ്വമായിട്ടാണ് ഒരു വിശ്വാസിയെ വഞ്ചിക്കുവാൻ അവൻ ശ്രമിക്കുന്നത്. സംശയങ്ങളിട്ട് മനസിനെ ക്ഷീണിപ്പിക്കുന്നു. അവിടെ നിന്നും പടിപടിയായി അവനെ സമ്മർദ്ദത്തിലാക്കുന്നു. ആരും അറിയാത്ത നിലയിൽ ചെറിയ ചെറിയ രഹസ്യപാപങ്ങളിലേക്ക് കടത്തിവിടുന്നു.

വേദപുസ്തകം വായിക്കുന്നത് ഒരു കടമയായി മാത്രം മാറ്റുന്നു, അതിനെ വിലയേറിയതായിട്ടോ ശ്രേഷ്ഠമായിട്ടോ കാണുന്നില്ല. പ്രാർത്ഥനയിൽ ചെലവഴിക്കുന്ന സമയങ്ങൾ ചുരുങ്ങുന്നു. അന്തരംഗങ്ങളിൽ മാത്രം ദൈവത്തിൽ സന്തോഷിച്ചതാണ്. ലൗകിക വിഷയങ്ങളെക്കാൾ ദൈവികവിഷയങ്ങളെ സംസാരിപ്പാൻ ധാരാളം സമയമെടുത്തിരുന്നു. ദൈവം ജീവിതത്തിലേയ്ക്ക് വന്ന സമയം മറ്റെല്ലാ കാര്യങ്ങളും രണ്ടാം സ്ഥാനത്തായിരുന്നു. ലോകത്തോടും ലോകത്തുള്ളതിനോടും വെറുപ്പായിരുന്നു. ദൈവത്തോടുകൂടെ നടന്ന് മധുരമായ കൂട്ടായ്മ ആചരിച്ചു.

എന്നാൽ ഇപ്പോൾ നാം അവിടെയല്ല, കൂട്ടായ്മയുടെ സന്തോഷം നഷ്ടപ്പെട്ടിരിക്കുന്നു. എന്തൊക്കെയോ സംഭവിച്ചിരിക്കുന്നു. ദൈവവുമായുള്ള സമാധാനം പൊയ്പ്പോയിരിക്കുന്നു. സന്തോഷം ചോർന്നു പോയിരിക്കുന്നു. ഹൃദയത്തിന്റെ യാഗപീഠത്തിൽ കത്തിക്കൊണ്ടിരുന്ന അഗ്നി അവിടെയില്ല.

സൂക്ഷ്മമായ വഞ്ചന

ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട തന്റെ വ്യൂതന്മാരെകൂടെ തെറ്റിക്കുവാൻ പിശാച് തന്ത്രപൂർവ്വം വെളിച്ചത്തിന്റെ ദൂതന്റെ രൂപത്തിൽ കടന്നു വരുന്നു. നാം അശ്രദ്ധരായിരിക്കുമ്പോൾ ജാഗ്രതയില്ലാതിരിക്കുമ്പോൾ ഒരു കള്ളനായി അവൻ പതുങ്ങി നടക്കുന്നു.

(ശേഷം 6-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. “ഭയപ്പെടേണ്ട, നീ ലജ്ജിച്ചു പോകയില്ല; ഭ്രമിക്കേണ്ടാ; നീ നാണിച്ചു പോകയില്ല. നിന്റെ യൗവ്വനത്തിലെ ലജ്ജ നീ മറക്കും; നിന്റെ വൈധവ്യത്തിലെ നിന്ദ ഇനി ഓർക്കയുമില്ല. നിന്റെ സൃഷ്ടാവാകുന്നു നിന്റെ ഭർത്താവ; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം; യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ; സർവ്വ ഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു.” (യെശ.54 :4-6)

2017-ാം വർഷത്തിന്റെ ജൂൺ മാസം നമ്മെ വിട്ട് കടന്നുപോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടേയും നിരാശയുടെയും രോഗങ്ങളുടേയും രോഗദുഃഖങ്ങളുടേയും മാനസിക സംഘർഷങ്ങളുടേയും മറ്റു ജീവിത തകർച്ചകളുടെയും നീർച്ചുഴിയിൽ അകപ്പെട്ട് രക്ഷാമാർഗ്ഗം കാണാതെ മുങ്ങിത്താഴുകയാണ് ഇന്ന് പലരും. നമ്മുടെ പ്രശ്നങ്ങൾ എത്ര ഗുരുതരമായിരുന്നാലും ശരി വിശ്വാസത്തോടെ, ശുദ്ധിയുള്ള ഹൃദയത്തോടെ നാം പ്രാർത്ഥിക്കുമെങ്കിൽ ആ പ്രാർത്ഥന തീർച്ചയായും ദൈവം കേൾക്കും.

രോഗങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ, ജോലി സംബന്ധമായ പ്രശ്നങ്ങൾ, എന്നുവേണ്ട പല പ്രതിസന്ധികളെയും നാം തരണം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ ദൈവം ഒരുക്കുന്ന ഒരു അത്ഭുതവഴി നമ്മുടെ ജീവിതത്തിൽ തുറന്നു വരും. സുഖത്തിൽ അമിതമായി സന്തോഷിക്കുവാനും ദുഃഖത്തിൽ അമിതമായി ദുഃഖിക്കുവാനും ഇടയാകാതെ ഒരേ ഭാവം പുലർത്തി ജീവിക്കുവാൻ നമുക്കു ശ്രമിക്കാം. ആകയാൽ ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിച്ച് വിശുദ്ധിയോടെ മുന്നോട്ട് പോകുവാൻ നമുക്ക് തീരുമാനിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി

ബിന്ദു.എം.

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9048677717**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

യഥാർത്ഥ വിശുദ്ധൻ വ്യത്യസ്ഥനാണ്

By A.W.Tozer

ജീവിക്കുന്ന സമൂഹത്തിൽ തികച്ചും വ്യത്യസ്തമായ ഒരു ജീവിതം നയിക്കുക എന്നത് സഭയെ സംബന്ധിച്ച് ശ്രദ്ധേയമായ കാര്യമാണ്. സഭയുടെ ശക്തി വ്യത്യസ്തമാണ്, പ്രവർത്തനത്തിൽ വ്യത്യസ്തമാണ്. ലക്ഷ്യം വ്യത്യസ്തമാണ്.

ദൈവവചനം വ്യക്തമായും ശക്തമായും പഠിക്കയും പഠിപ്പിക്കയും ചെയ്യുന്നു. നഷ്ടപ്പെടാതവണ്ണം ചരിത്രത്തിന്റെ സ്ഥാനം പിടിച്ചിരിക്കുന്നു. ലോകത്തിന്റെ ഒഴുക്ക് അനുസരിച്ച് പോകാൻ സഭയ്ക്ക് സാദ്ധ്യമല്ല. ഒട്ടും യോഗ്യമല്ലാത്ത, പാപപങ്കിലമായ ഈ ലോകത്തിൽ എല്ലാടത്തുമുള്ള എല്ലാവരുമായി നല്ല മനസാക്ഷി വച്ചു പുലർത്തുവാൻ ബുദ്ധിമുട്ടാണെങ്കിലും അങ്ങനെ ചെയ്യുവാനാണ് എപ്പോഴും ശ്രമിക്കുന്നത്.

സഭയുടെ സ്വഭാവം ലോകത്തിന്റേതുപോലെയല്ല എന്നതു തന്നെ ലോകത്തിൽ സഭയെ വ്യത്യസ്തമാക്കുന്നു. ദൈവത്തിന്റെ പുത്രന്മാരും മനുഷ്യന്റെ പുത്രന്മാരും ധാർമ്മികമായും ആത്മികമായും വ്യത്യസ്തരാണ് എന്ന് മാത്രമല്ല അവർ തമ്മിൽ വ്യക്തമായ ഒരു അകലമുണ്ട്. ആരെങ്കിലും ആ അതിർ ലംഘിച്ച് ഒരു അനുരജ്ഞത്തിന് ശ്രമിച്ചാൽ അത് ദൈവരാജ്യത്തിന്റെ പ്രമാണങ്ങളോടുള്ള വെല്ലുവിളിയാണ്.

സഭയുടെ ദൂതും ലോകത്തിന്റെ ഉപദേശങ്ങളിൽ നിന്നും വ്യത്യസ്തമാണ്. സഭ ലോകമയത്വത്തിലേയ്ക്ക് പോകാൻ ഇടയായാൽ വാസ്തവത്തിൽ ലോകത്തിൽ സഭയ്ക്കുള്ള മാന്യതയെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. കാരണം സഭയെക്കുറിച്ച് ലോകത്തിന് ഒരു ഏകദേശ ധാരണയുണ്ട്. അതിനെ ലംഘിക്കുന്നത് അപകടകരമാണ്. ആദാമിന്റെ ആതാമികനായ പുത്രനും ഉപദേശം കൈക്കൊള്ളാത്തമകനും 2 വ്യത്യസ്തരീതിയിൽ കാണപ്പെടുന്നു. അതുതന്നെ ഒരു ഉദാഹരണമാണ്. അവരുടെ അഭിപ്രായങ്ങൾ വ്യത്യസ്തമാണ്. ഒരു മനുഷ്യൻ ലോകത്തെ വിട്ട് ക്രിസ്തുവിനോട് ചേരുമ്പോൾ അവന്റെ ജീവിതത്തിൽ സമൂലമായ ഒരു മാറ്റമാണ് സംഭവിക്കുന്നത്. ലോകമനുഷ്യൻ ദൈവത്തിലേയ്ക്ക് തിരിയുമ്പോൾ അവന്റെ ഹൃദയത്തിന്റെ ചിന്തകൾ കൂടെ പാടേ വ്യത്യാസപ്പെടുന്നു. ദൈവവചനം ആവശ്യപ്പെടുന്ന ആ വ്യത്യാസം ഉൾക്കൊള്ളുവാൻ കഴിയാത്തവർ ദൈവവചനത്തിന്റെ ആഴങ്ങളെ മനസ്സിലാക്കാത്തവരാണ്. ഉപരിപ്ലവവും ആത്മാർത്ഥതയില്ലാത്തതുമായ അനുഭവങ്ങൾ സഭയുടെ ശക്തി കുറയ്ക്കും. എന്നാൽ അങ്ങനെയുള്ള കാര്യങ്ങളെ സഭ വെറുക്കുന്നു.

ലോകമയത്വം എല്ലാക്കാലത്തും ക്രിസ്തീയ സഭയ്ക്ക് പരാജയമാണ്. അപ്പോൾ തന്നെ സ്വർഗ്ഗീയമായ പദവികളെ വിട്ടുകളകയുമാണ് ചെയ്യുന്നത്.

സീയോന്റെ കുന്നുകളിൽ നമുക്ക് തൈകളെ നട്ട് ആളുകളെ നമുക്ക് സ്വാഗതം ചെയ്യാം. എന്നാൽ ഒരിക്കലും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന് ഏല്പിക്കപ്പെടരുത്. ക്രൂശ് ക്രിസ്ത്യാനിത്വത്തിന്റെ അടയാളമാണ്. ക്രൂശ് സംസാരിക്കുന്നതു മരണത്തെക്കുറിച്ചും വേർപാടിനെക്കുറിച്ചുമാണ്. ഒരിക്കലും അനുരജ്ഞനം ആവശ്യപ്പെടുന്നില്ല. ഒരു മനുഷ്യനും ഒരിക്കലും ക്രൂശുമായി അനുരജ്ഞനം ഉണ്ടാക്കിയിട്ടില്ല. അതിനു കഴികയുമില്ല. ക്രൂശ് ജീവനെയും മരണത്തേയും തമ്മിൽ വേർപിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ പാരമ്യതയാണ്. ക്രൂശ്. ക്രിസ്തുവിന്റെ ദൂത് മരണത്തിൽ നിന്നും ജീവങ്കലേയ്ക്കുള്ള വിളിയാണ്.

ആത്മശക്തി ആഗ്രഹിക്കുന്ന ഏതൊരു ദൈവപൈതലിന്റെയും ആഗ്രഹം ദൈവമകനായി തീരുക എന്നതാണ്. ആ വിശുദ്ധി പ്രാപിക്കയാണ് ലക്ഷ്യം. അവന്റെ മുമ്പിൽ വേർപാടിന്റെ ഒരു തെളിഞ്ഞ രേഖ പ്രത്യക്ഷപ്പെടുന്നു. ലോകത്തിന് ഒരു ദൈവപൈതലിനോടും അനുരജ്ഞനപ്പെടുവാൻ സാദ്ധ്യമല്ല. ലോകത്തിന്റെ മക്കൾ അവരെ സ്വാധീനിക്കാൻ ശ്രമിക്കുമ്പോൾ ദൈവമക്കൾ പ്രമാണത്തിനു വേണ്ടി നില്ക്കാനായി വില കൊടുക്കേണ്ടി വന്നാലും ഫലവത്തായതും ശക്തിയുള്ളതുമായ ജീവിതം ഒരു പദവിയാണെന്ന് അവർ കണക്കുകൂട്ടി സന്തോഷിക്കുന്നു.

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)*

സമർപ്പിക്കുക *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

അങ്ങയുടെ ഹൃദയപ്രകാരമുള്ള മനുഷ്യനായി എന്നെ തീർക്കേണമേ

By Oswald J.Smith

1927 നവംബർ മാസം 8-ാം തീയതി എന്റെ 38-ാമത്തെ ജന്മദിനത്തിൽ ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു. കർത്താവേ അങ്ങയുടെ ഹൃയപ്രകാരമുള്ള മനുഷ്യനായി എന്നെ തീർക്കേണമേ. പ്രവൃത്തി കാഴ്ചയ്ക്ക് മങ്ങി, കണ്ണിൻ മുമ്പിൽ പ്രധാനപ്പെട്ടവയെല്ലാം അപ്രത്യക്ഷമായി, ഞാൻ സന്തോഷിച്ചിരുന്ന കാര്യങ്ങളെല്ലാം എനിക്ക് രണ്ടാമത്തേതായി, എന്റെ അകത്തെ മനുഷ്യൻ ദൈവ മുമ്പാകെ അർത്ഥവത്തായി എല്ലാം പ്രയോജനമുള്ളതായിത്തീർന്നു. ആ ദിവസം എന്റെ മുറിയിൽ ഞാൻ പ്രാർത്ഥിച്ചു. അതെ, ആത്മാവിൽ പ്രാർത്ഥിച്ചു. കർത്താവേ അങ്ങയുടെ ഹൃദയപ്രകാരമുള്ള മനുഷ്യനായി എന്നെ തീർക്കേണമേ.

ഞാൻ ചെയ്തുകൊണ്ടിരുന്ന വലിയ കാര്യങ്ങൾ എന്ന് എനിക്ക് തോന്നിയവ ഒന്നും വലിയതല്ല, ഞാൻ എഴുതിയ പുസ്തകങ്ങൾ, ഞാൻ പ്രസംഗിച്ച പ്രസംഗങ്ങൾ എന്റെ വിജയം ആഘോഷിച്ച കൂട്ടങ്ങൾ, ഞാൻ ജീവിച്ച എന്റെ ജീവിതം എന്റെ ചിന്തകൾ, ഹൃദയത്തിന്റെ വിശുദ്ധി പ്രായോഗിക നീതി; എല്ലാം ഒരു വാക്കിൽ എന്റെ രൂപാന്തരം, പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിനെപ്പോലെ.

മുമ്പൊരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത അർത്ഥം ദൈവവചനത്തിൽ കണ്ടു, ദൈവത്തോടുകൂടെ നടക്ക. അങ്ങനെ ഒരനുഭവത്തെ അറിയുവാൻ എന്റെ ഹൃദയം വെമ്പൽ കൊണ്ടു. " ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു " (ഉല്പ. 5:24). എനിക്ക് അങ്ങനെ കഴിഞ്ഞിട്ടുണ്ടോ? എന്റെ പ്രവൃത്തിയെക്കാളും എന്റെ സമ്പത്തിനെക്കാളും ഞാൻ ദൈവത്തിന് വലിയവനല്ലേ? ദൈവം എന്നെ വിളിച്ചു.

അവിടുന്ന് എന്നെ പ്രാർത്ഥനയിലേക്ക് നടത്തി, അവിടുത്തെ ഹൃദയപ്രകാരമുള്ള മനുഷ്യനായിത്തീർക്കുന്ന പ്രാർത്ഥന. കർത്താവേ, ഇതാ എന്റെ കൈകൾ; അവയെ അങ്ങയ്ക്കുവേണ്ടി സമർപ്പിക്കുന്നു. അങ്ങയക്ക് ഇഷ്ടമില്ലാത്തതൊന്നും തൊടാൻ അതിനെ അനുവദിക്കരുതേ. കർത്താവേ,ഇതാ എന്റെ കണ്ണുകൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതൊന്നും കാണുവാൻ എന്റെ കണ്ണുകളെ അനുവദിക്കരുതേ. അങ്ങയ്ക്കടഷ്ടമില്ലാത്തതൊന്നും കേൾക്കുവാൻ എന്റെ ചെവിയെ അനുവദിക്കരുതേ. ദൈവത്തിനിഷ്ടമില്ലാത്ത ഒരു വാക്കുപോലും പറയുവാൻ എന്റെ വായെ തുറക്കാൻ അനുവദിക്കരുതേ. അങ്ങയുടെ സാന്നിദ്ധ്യത്തെ നഷ്ടമാക്കുന്നയാതൊരു ചിന്തയും എന്നിലുണ്ടാകുവാൻ അനുവദിക്കരുതേ.

ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നു.

ദൈവം ഏകാഗ്രതയോടുകൂടെ ദൈവത്തെ ശ്രദ്ധിക്കുവാൻ എന്നോടു ആവശ്യപ്പെട്ടു. മറ്റെല്ലാം എനിക്ക് രണ്ടാം സ്ഥാനത്താണ്. സ്നേഹിക്കുന്ന കൂട്ടുകാർ, വീട്, സമ്പത്ത്, ജോലി എല്ലാം രാവും പകലും എന്റെ പൂർണ്ണ ശ്രദ്ധ ദൈവത്തിങ്കലേയ്ക്ക് ദൈവം ഒന്നാമത്. അതായിരിക്കണം ദൈവത്തോട് എന്റെ മനോഭാവം. അപ്പോൾ മാത്രമേ ദൈവത്തിന് എന്നെ ഉപയോഗിക്കാനോ അനുഗ്രഹിക്കാനോ കഴിയുകയുള്ളൂ.

ദൈവവും ഞാനും തമ്മിലുള്ള ബന്ധത്തിന് ഇടയ്ക്ക് മറ്റൊന്നും വരാൻ പാടില്ല. ഭാര്യയോ ഭർത്താവോ ആ ബന്ധത്തിനിടയിൽ വരാൻ പാടില്ല. ദൈവത്തിനായിരിക്കണം ഒന്നാം സ്ഥാനം. ദൈവവുമായിട്ടുള്ള എന്റെ കൂട്ടായ്മ പൂർണ്ണമാകുന്നതു പൂർണ്ണ ഹൃദയത്തോടെ ഞാൻ ദൈവത്തെ അന്വേഷിക്കുന്നതിലൂടെയാണ്. ദൈവം ചെയ്യുന്ന നന്മകളെ നമുക്ക് ഉപേക്ഷിക്കാൻ കഴിയുകയില്ല. ലോകത്തിലുള്ളതൊന്നും ആ ബന്ധത്തിന് തുല്യമാകയില്ല. പിന്നെ എന്തുകൊണ്ട് അവിടുത്തെ വിളിയെ ഏറ്റെടുത്തുകൂടാ? ദൈവത്തെക്കൂടാതെ യഥാർത്ഥ സന്തോഷം നമുക്കു ലഭിക്കുമോ? ഇവിടെയുള്ള കാര്യങ്ങൾ നമുക്ക് സന്തോഷം തരുമോ? അത് നമ്മെ തൃപ്തിപ്പെടുത്താമോ? പിന്നെ അവരോട് "സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ; ഒരുത്തന് സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത് എന്നു പറഞ്ഞു " (ലൂക്കോ. 12:15).

ദൈവം നമ്മെ തനിക്കു വേണ്ടി ഉണ്ടാക്കി

ദൈവം നമ്മുടെ സഹവാസവും കൂട്ടായ്മയും ആഗ്രഹിക്കുന്നു. എപ്പോഴും നമ്മോടുകൂടെ നടക്കുവാൻ, ദുഷ്ടതയും വഞ്ചനയും ഉള്ള ഈ തലമുറയിൽ, വേർപെട്ട ദൈവമക്കൾക്ക് യോഗ്യമല്ലാത്ത ലോകത്ത്, സാത്താനെ ദൈവമായി ആരാധിക്കുന്ന ലോകത്ത്, നമ്മുടെ കർത്താവിനെ ക്രൂശിച്ച ലോകത്ത് ഒരു അനന്യനും പരദേശിയുമായി ഒരു മോക്ഷയാത്രക്കാരനായി നല്ല ആത്മീയ ജീവിതം നയിക്കുക എന്നതാണ് ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയും.

അതുകൊണ്ട് നാം ദൈവത്തിന്റെ ഇഷ്ടപ്രകാരം നടന്ന് ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്ത്, ഓരോ നിമിഷവും കർത്താവിനോടുകൂടെ നടന്നു, ദൈവത്തന് ഇഷ്ടമില്ലാത്തതും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതും ഒന്നും ചെയ്യാതെ, നീതിയിലും വിശുദ്ധിയിലും ദൈവമുമ്പാകെ ജീവിച്ച് മുഴുശ്രദ്ധയും ദൈവത്തിലർപ്പിച്ച്, ഏറ്റവും അധികമായി ദൈവത്തെ സ്നേഹിക്കേണം.

ദൈവത്തിൽ നിന്നും ശ്രേഷ്ടമായ നന്മ പ്രാപിപ്പാനായി നമുക്കുള്ള ശ്രേഷ്ടമായതിനെ ദൈവത്തിന് കൊടുക്കേണം. നാം ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവരായിരിക്കേണം. നമ്മെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കേണം. ദൈവത്തിൽ നിന്നും പ്രാപിക്കുവാൻ നാം നമ്മെ സമർപ്പിക്കേണം. കർത്താവിനോടുകൂടെ ജീവിക്കുവാൻ കർത്താവിന്റെ മരണത്തിൽ പങ്കാളിയാകേണം. കർത്താവിൽ നിന്നും ലഭിക്കുവാൻ കർത്താവിന് കൊടുക്കേണം.

" എത്ര സന്തോഷം ആ ജീവിതം! ലോകത്തിൽ ഇതുപോലെ മറ്റൊന്നില്ല. ലോകത്തിലെ യാതൊരു നേട്ടങ്ങളും അതിന് തുല്യമാകയില്ല. സനേഹിതർ അതിന് തുല്യമാകയില്ല. കൂട്ടുകാർപോലും നമ്മെ വേദനിപ്പിക്കും. ധനം നമുക്ക് ഭാരമുണ്ടാക്കും. അത് നമ്മെ നിരാശരാക്കും. എന്നാൽ ദൈവം, അതെ, അവിടുന്ന് നമ്മെ തൃപ്തരാക്കും! ദൈവം നമ്മെ ഒരിക്കലും നിരാശരാക്കുകയില്ല. ദൈവത്തോടുകൂടെ നടക്കുക എന്നത് മാധുര്യമേറിയ അനുഭവമാണ്. അതിനെ രുചിച്ചറിയുവാൻ, അതിനുപകരം മറ്റൊന്നില്ല എന്നറിയുവാൻ, അതേ, പാപത്തിന്റെ മേഘപാളികൾക്ക് അവിടുത്തെ മുഖത്തെ മറെയ്ക്കുവാൻ സാദ്ധ്യമല്ല അതാണ് സ്വർഗ്ഗം. അങ്ങനെ നമുക്കു പ്രാർത്ഥിക്കാം, അടുത്തു ചെല്ലാം, ജീവിച്ച് പറയാം, കർത്താവേ, അങ്ങയുടെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനായി എന്നെ രൂപാന്തരപ്പെടുത്തേണമേ. "

(1-ാം പേജിന്റെ തുടർച്ച)

പൂർണ്ണമായി ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ഹൃദയം

നേയും കൊന്നു. അങ്ങനെ 9 കുട്ടികൾ ഇതേ അനുഭവം പറഞ്ഞു അപ്പനും അമ്മയും സഹോദരിയും സഹോദരനുമൊക്കെ അവരുടെ കൺമുമ്പിൽ കൊല്ലപ്പെട്ടു. വളരെ പ്രതീക്ഷയോടെ ഒരു പ്രതികാര ദിവസത്തിനായി അവർ കാത്തിരുന്നു. എന്നാൽ അവർ ഏറ്റു പറഞ്ഞു. അവർ വളരെ നിസഹായകരായിരുന്നു. അവരോട് തെറ്റ് ചെയ്തവരോട് ക്ഷമിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിപ്പാൻ അവർ അപേക്ഷിച്ചു.

സ്ത്രീകളും കുട്ടികളും പോയതിനുശേഷം യോഗം വീണ്ടും തുടർന്നു. രണ്ടു മണിക്കൂർ കൂടെ യോഗം തുടർന്നു. അതിന്റെ അവസാനത്തിൽ ഏറ്റുപറച്ചിലിന്റെ ഒരു അരുവിതന്നെ പൊട്ടിപുറപ്പെട്ടു. തന്റെ പിതാവിനെ കൊന്നവനോട് ക്ഷമിക്കയില്ല എന്നു പറഞ്ഞുകൊണ്ടിരുന്ന സുവിശേഷകൻ മുട്ടിന്മേൽ ഇരുന്നു കരഞ്ഞുകൊണ്ടേയിരുന്നു, യോഗത്തിന്റെ ഒടുവിൽ അവൻ എഴുന്നേറ്റ് യോഗത്തെ അഭിസംബോധന ചെയ്തു നിന്നു. അവന്റെ മുഖം പരുക്കനായിരുന്നു.

“ എന്റെ മനസ്സ് ഒരുങ്ങിയിരിക്കുന്നു. ” അവൻ അലറി എന്റെ അപ്പനെ കൊന്നവനെ കൊല്ലുന്നത് വരെ ഞാൻ അടങ്ങിയിരിക്കയില്ല.

അടുത്ത ദിവസം പ്രഭാതം

ഞാൻ സഭാ ഹാളിലേയ്ക്ക് അടുത്ത ദിവസം പ്രവേശിക്കുമ്പോൾ അദ്ദേഹം പ്രസംഗപീഠത്തിന്റെ സമീപം നില്ക്കുന്നുണ്ടായിരുന്നു. ഞാൻ സംസാരിക്കുന്നതിനുമുമ്പായി ചുരുങ്ങിയ വാക്കുകൾ ജനത്തോട് സംസാരിക്കുവാൻ സമയം ചോദിച്ചു. ആ വിദ്യാർത്ഥികളോട് തിരിഞ്ഞു താൻ പറഞ്ഞു. പ്രിയപ്പെട്ടവരെ കൊന്നതായ കൊലയാളികളോട് ക്ഷമിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിപ്പാനപേക്ഷിച്ച കുട്ടികളോട് മുന്നിലേക്ക് വരാനാവശ്യപ്പെട്ടു. എനിക്ക് ക്ഷമിക്കാൻ കഴിയുകയില്ല. എന്റെ പിതാവിനെ കൊന്നവരെ കൊല്ലുന്നതുവരെ അടങ്ങിയിരിക്കയില്ല എന്ന് പറഞ്ഞ സുവിശേഷകനാണു ഞാൻ.

എന്നാൽ ആരാധനയ്ക്ക് ശേഷം ഞാൻ വീട്ടിൽ പോയി. നിങ്ങളെ മഠയരാക്കിക്കൊണ്ട് എന്നെ കരങ്ങളിലെടുക്കാൻ പിശാച് ശ്രമിച്ചു. ആളുകൾ പറയും നിങ്ങൾ കുട്ടികളാണ് നിങ്ങൾക്ക് തീരുമാനമെടുക്കുന്നതിൽ പക്വതയുള്ളവരല്ല എന്ന്. എന്നാൽ ആളുകൾ എന്നെക്കുറിച്ച് പറയും, എടുത്തിരിക്കുന്നത് നല്ല തീരുമാനമാണ്. ശത്രുക്കളോട് ക്ഷമിക്കാൻ കുട്ടികൾ എടുത്ത തീരുമാനം എത്ര മഠയത്തരമാണ്. എന്നാൽ സാത്താൻ നമ്മെ തെറ്റിക്കുന്നവനാണ്. ഞാൻ നിങ്ങൾക്ക് ഓരോന്നു തരുവാനായി 9 പാട്ടുപുസ്തകങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എപ്പോഴും നിങ്ങൾ അത് തുറന്ന് ദൈവത്തെ പാടി സ്തുതിക്കണം. സുവിശേഷകനായ ഞാനും എന്റെ അപ്പനെ കൊന്നവനോട് ക്ഷമിക്കുവാൻ കൃപ പ്രാപിച്ചിരിക്കുന്നു.

അപ്പോൾ മുതൽ തങ്ങളുടെ പ്രിയപ്പെട്ടവരോട് പ്രതികാരം ചെയ്യണം എന്ന് ചിന്തിച്ചിരുന്നവരുടെ ചിന്താഗതികൾ മാറി, ക്ഷമിക്കുവാനുള്ള ഹൃദയം അവർ പ്രാപിച്ചു.

നെക്ക് വാംഗ്

നെക്ക് വാംഗ് എന്ന സ്ഥലത്ത് “വില്യം ബേൺസ് (1815 - 1868) ന്റെ കല്ലറയുണ്ട്. ആ സ്ഥലത്ത് അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചിരുന്നു. സ്കോട്ടലാന്റ് കാരനായ ഈ സുവിശേഷകൻ തന്റെ സ്വന്ത ദേശത്തും ചൈനയിലും പ്രവർത്തിച്ചുകൊണ്ടിരുന്നു. എല്ലാവരോടും താൻ രക്ഷയുടെ ദൂത് സംസാരിച്ചിരുന്നു. തന്റെ ശവപ്പെട്ടിയുണ്ടാക്കിയ ആശാരിയോടും ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹത്തെ സഭയിലെ അംഗമാക്കിത്തീർത്തിരുന്നു ആ ദൈവഭക്തൻ.

അതിന്റെ ശേഷം മുക്ക്ഡൻ എന്ന സ്ഥലത്തേയ്ക്ക് പോയി. അവിടെയുള്ള മിഷ്യനറിമാരോട് സംസാരിച്ചു. “ദൈവം ഞങ്ങളെ ഇവിടെ ധാരാളം അനുഗ്രഹിച്ചിരിക്കുന്നു. എന്നാൽ നെക്ക് വാംഗ് എന്ന സ്ഥലത്ത് ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. തീർത്തും നശിച്ചുകൊണ്ടിരിക്കുന്ന ഒരു ചത്ത സഭയാണിവിടെയുള്ളത് ”.

ഞാൻ പറഞ്ഞു. നിങ്ങൾ ദൈവത്തിന്റെ ശക്തി അറിയുന്നു. നമുക്കു പ്രാർത്ഥിക്കാം. ദൈവം നെക്ക് വാംഗിനോട് കരുണ കാണിക്കും.

ലയാവോയാംഗ് എന്ന സ്ഥലത്തുള്ള യോഗത്തിന്റെ ഒടുവിൽ അതേ വാർത്ത തന്നെ ഞങ്ങൾ കേട്ടു. “ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു ” മിഷ്യനറിമാർ പറഞ്ഞു, എന്താണ് അവൻ ഞങ്ങളോട് ചെയ്തത്. ഒരു പ്രയോജനവുമില്ല. നെക്ക് വാംഗ് -ൽ നിന്നും ഒന്നും പ്രതീക്ഷിക്കുവാനില്ല. ഉണർവിൽ നിന്നും ഈ ദേശം വളരെ ദൂരെയാണ്.”

ഞാൻ വീണ്ടും പറഞ്ഞു “നിങ്ങൾ ദൈവശക്തി കണ്ടവരാണ്. എന്തുകൊണ്ട് പ്രാർത്ഥിച്ചുകൂടാ ”?

ക്വാംഗ്സിംഗ്, ചിൻചോ, ഷിൻമിൻഫൂ തുടങ്ങിയ സ്ഥലങ്ങളും വ്യത്യസ്തമല്ല. നെക്ക് വാംഗ് വളരെ നിർജ്ജീവമായ സ്ഥലമാണ്. ഇവിടങ്ങളിൽ നിന്നും ഒന്നും പ്രതീക്ഷിക്കാനില്ല. അവർ പറഞ്ഞു.

ക്വാംഗ് നിംഗ്-ലെ ഹണ്ടർ എന്ന ദൈവദാസൻ ഞങ്ങൾക്കുമുമ്പെ നെക്ക് വാംഗിൽ ചില പ്രാർത്ഥനായോഗങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകൾ തേടി അങ്ങോട്ടുപോയി. ഞാൻ അവിടെച്ചെന്ന് ഒരുമിച്ച് ഭക്ഷണത്തിനിരിക്കുമ്പോൾ അനുഗ്രഹിക്കപ്പെട്ട വാർത്തകളാണ് അദ്ദേഹത്തിൽ നിന്നും കേൾക്കാൻ കഴിഞ്ഞത്.

“ അപൂർവ്വമായ കാര്യങ്ങൾ അവിടെ നടക്കുന്നു. അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ മുഖം സന്തോഷിച്ച് പ്രകാശിച്ചിരുന്നു. അന്നത്തെ പ്രാർത്ഥനാ യോഗത്തിൽ, 1900-ൽ ജീവൻ രക്ഷിക്കാനായി യേശുവിനെ തള്ളിപ്പറഞ്ഞ ഒരു സ്ത്രീ ഹൃദയം നുറുങ്ങി കരഞ്ഞു. ജീവിതം ബാക്കിയുണ്ടെങ്കിൽ തനിക്കായി ജീവൻ നൽകി സ്നേഹിച്ച ഗുരുവിനുവേണ്ടി ചെലവിടും എന്നു വിളിച്ചു പറഞ്ഞു. ഒരു ക്രിസ്ത്യാനിയായ കോൺട്രാക്ടർ വഞ്ചിച്ചെടുത്ത പണം മടക്കിക്കൊടുക്കാൻ തീരുമാനിച്ചു.

അടുത്ത ദിവസം പ്രഭാതത്തിൽ യോഗം ആരംഭിച്ചു. പ്രസംഗപീഠത്തിലേയ്ക്ക് കയറുമ്പോൾ ഒരു നിമിഷം ഞാൻ തലവണക്കി പ്രാർത്ഥിച്ചു. ഞാൻ നോക്കുമ്പോൾ ഓരോ പുരുഷനും സ്ത്രീയും കുട്ടികളും കരയുകയായിരുന്നു. അത് ഒരു നിലവിളിയായി മാറി. അവർ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു.

എന്താണ് വിശദീകരണം. എങ്ങനെ ഒരുവൻ മറ്റൊരുവനോട് ഇടപെടും? എല്ലാ പ്രത്യാശയെയും മറികടന്ന് നശിച്ചുകൊണ്ടിരുന്ന സഭ. ഒരു വചനവും സംസാരിക്കാതെ ഒരുപാട്ടും പാടാതെ

(ശേഷം 8-ാംപേജിൽ)

(2-ാം പേജിന്റെ തുടർച്ച)

നിങ്ങളുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞുവോ?

ഒരു മനുഷ്യന്റെ കൃഷിയിടത്തിൽ ഒരു അർദ്ധാത്രിയിൽ ഒരു ശത്രു കടന്നു വന്ന് കളവിതെച്ചു. അവർ ഉറങ്ങുകയായിരുന്നതുകൊണ്ട്, ശത്രു ചെയ്തത് അവർ അറിഞ്ഞില്ല (മത്താ. 13:25).

പലപ്പോഴും സാത്താൻ ചെയ്യുന്നത് തിരിച്ചറിയാൻ കഴിയാതെയാണ് നമ്മുടെ ജീവിതത്തിൽ പരാജയങ്ങൾ വരുന്നത്. പിശാച് കൊണ്ടു വരുന്ന ചെറിയ ചിന്തകളെ പോലും തിരിച്ചറിയാൻ നാം ജാഗ്രത പുലർത്തേണ്ടതാണ്. അതായത് വചനം കുറച്ചുവായിച്ചാൽ മതി, കുറച്ചു പ്രാർത്ഥിച്ചാൽ മതി എന്നുള്ള ചിന്തകളെ നാം തിരിച്ചറിയേണ്ടതാണ്. ദൈവവചനത്തെ ഉപേക്ഷിക്കുന്ന ഒരു വ്യക്തിയെ വിജയകരമായി നേരിടാൻ കഴിയും എന്ന് സാത്താൻ തിരിച്ചറിയുന്നു. ഓരോ വ്യക്തിയുടെയും വീഴ്ചകൾ മനസിലാക്കി അവനെ വശത്താക്കുവാനും പരാജയപ്പെടുത്തുവാനും സാത്താനു കഴിയുന്നു. ഒരു കാര്യം വ്യക്തമാണ്. നാം ഈ ലോകത്തിൽ ആയിരിക്കുമ്പോൾ പരീക്ഷിക്കപ്പെടുവാൻ സാദ്ധ്യത കൂടുതലാണ്. " പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ " (യാക്കോ. 1:12). ഒരിക്കലും പരീക്ഷയിൽ തോറ്റുപോകാതെ ദുഷ്ടനോട് എതിർത്തു നില്ക്കേണ്ടതാണ്.

ആത്മികമായി പോഷിപ്പിക്കപ്പെടുന്നില്ല

ദൈവവചനത്തിനായുള്ള ദാഹം കുറഞ്ഞു. പ്രാർത്ഥന ഇല്ലാതാകുമ്പോൾ ആത്മികമായി പട്ടിണിയായിത്തീരുന്നു. കർത്താവിങ്കലെ സന്തോഷം അപ്രത്യക്ഷമാകുന്നു. സ്തുതിയുടെയും ആരാധനയുടെയും ഒഴുക്ക് ഹൃദയത്തിൽ നിന്നും നഷ്ടമാകുന്നു. ആത്മാവിന്റെ അഭിഷേകം ഇല്ലാതെയാകുന്നു. ഈ ലോകത്തിൽ ജീവിക്കുവാനായി ശരീരത്തിന്റെ പോഷണം മാത്രം ശ്രദ്ധിക്കുന്നു. എന്നാൽ ദൈവവചനത്താൽ ആത്മാവ് ദിനംതോറും പോഷിപ്പിക്കപ്പെടേണ്ടതാണ്. ദൈവവചനവായനയാലും പ്രാർത്ഥനയാലും കാത്തിരിപ്പിനാലും നമ്മുടെ ആത്മാവ് പോഷിപ്പിക്കപ്പെടേണ്ടതാണ്.

യേശു പറഞ്ഞു " മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നും വരുന്ന സകലവചനം കൊണ്ടും ജീവിക്കും" (മത്താ. 4:4). ആത്മാവ് നിത്യമാണ്. അതുകൊണ്ട് നിത്യജീവൻ ദൈവത്തിൽ നിന്നും പ്രാപിക്കേണ്ടതാണ്. ആത്മാവ് പോഷിപ്പിക്കപ്പെടുകയോ ക്ഷീണിപ്പിക്കപ്പെടുകയോ ചെയ്യുന്നത്. ദൈവവചനത്തിൽ നിന്നും ലഭിക്കുന്ന പോഷണത്തിനനുസരിച്ചണ്. ദൈവവചനത്താൽ പോഷിപ്പിക്കപ്പെടുയും പ്രാർത്ഥിക്കയും ചെയ്യുമ്പോൾ ആത്മാവ് സന്തോഷിക്കുന്നു.

ദൈവചനത്തിനായുള്ള ദാഹം എപ്പോൾ ഇല്ലാതാകുമോ ലൗകികകാര്യങ്ങളും ലോകസ്നേഹവും ഹൃദയത്തിനകത്തു കയറും. ദൈവവചനത്തിനും പരിശുദ്ധാത്മസന്തോഷത്തിനും പകരമായി എന്തൊക്കെയോ ഹൃദയത്തിൽ വന്ന് നിറയുന്നു. അതുകൊണ്ടാണ് യോഹന്നാൻ അപ്പോസ്തലൻ തന്റെ ലേഖനത്തിനു മുന്നറിയിപ്പു നൽകുന്നത്. " ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിൽ ഉള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു " (1യോഹ. 2:16). 2:17-ാം വാക്യം പറയുന്നത് "ദൈവേഷ്ടം ചെയ്യുന്നവൻ എന്നേയ്ക്കും ജീവിക്കും ". അതുകൊണ്ട് നാം ദൈവവചനം കേട്ട് ചെയ്യുന്നവരായിരിക്കേണം. വിശ്വാസം പ്രവൃത്തിയിലൂടെ വെളിപ്പെടേണം. "നാം കർത്താവിനെ സ്നേഹിക്കുന്നു എങ്കിൽ തന്റെ കല്പനകളെ കാത്തുകൊള്ളും (യോഹ.14:21-23).

അങ്ങനെയെങ്കിൽ ഒരുവന് വചനത്തിന്റെ ദാഹം ഇല്ലാതെ ദൈവത്തിന്റെ രക്ഷയെ എങ്ങനെ നിലനിർത്താൻ കഴിയും. നാം രക്ഷയെ അഗണ്യമാക്കുന്നു എങ്കിൽ, രക്ഷിക്കപ്പെട്ടവർ എന്ന് എങ്ങനെ പറയുവാൻ കഴിയും (എബ്രാ. 2:1-3). നമ്മുടെ നടപ്പിൽ അശ്രദ്ധരായിരുന്നാൽ ഒരു വലിയ അപകടം നമുക്ക് പതിയിരിക്കുന്നു. പലർക്ക് വീഴ്ചപറ്റിയിരിക്കുന്നത്, രക്ഷിക്കപ്പെട്ടു എന്ന് പറകയും ദൈവത്തെകൂടാതെ ജീവിക്കയും ചെയ്യും എന്നതാണ്. നാം ദൈവത്തിൽ ആശ്രയിക്കുന്നു എങ്കിൽ അവസാനത്തോളം വിശ്വസ്തരായി ജീവിക്കേണം ക്രിസ്തുവീന്റെ കൂട്ടവകാശികാളായി കാണപ്പെടണം (എബ്രാ. 3:14).

രഹസ്യ പാപങ്ങൾ

ഒരു വിശ്വാസി ദൈവചനത്തിനായുള്ള ദാഹവും വിജയകരമായ ക്രിസ്തീയ ജീവിതത്തിനായുള്ള ആഗ്രഹവും നഷ്ടമാവുമ്പോൾ ദൈവം മാത്രം അറിയുന്ന ചില രഹസ്യപാപങ്ങളിലേയ്ക്ക് അവൻ നടത്തപ്പെടുന്നു. അതായത്, " ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം,കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടു വരുന്നു. ഇവ മനുഷ്യനെ അശുദ്ധമാക്കുന്നു " (മത്താ. 15:18,19). ഇത് ഹൃദയത്തിന്റെ നിലവാരമാണ്. മനുഷ്യന് അത് മനസ്സിലാക്കാൻ സാദ്ധ്യമല്ല. ഇത് ഒരു ജഡികമനുഷ്യന്റെ സ്വഭാവമല്ലേ? അവന്റെ ഹൃദയത്തിന്റെ അവസ്ഥ മറ്റൊരുവന് അറിയാൻ സാദ്ധ്യമല്ല. കാഴ്ചയിൽ അവൻ ഒരു നല്ല മനുഷ്യൻ. എങ്കിലും അവൻ തന്റെ വേദന അറിയുന്നു. ഒടുവീൽ ഒരു വലിയ പൊട്ടിത്തെറിയിലേക്ക് മാറുന്നു. അപ്പോൾ ആണ് അവന്റെ അവസ്ഥയെക്കുറിച്ച് മറ്റുള്ളവർ അറിയുന്നത്. അങ്ങനെ വിശ്വാസികളെന്ന് അഭിമാനിക്കുന്ന പലരും അവരുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞവരത്രേ. വചനത്തിനായുള്ള ദാഹവും പ്രാർത്ഥനയും നഷ്മായിരിക്കുന്നു എന്ന് അവിടുന്ന് അറിയുന്നു. സാത്താൻ ആ അവസ്ഥ മനസ്സിലാക്കിയിട്ട് വിവിധങ്ങളായ ദുഷിച്ച ചിന്തകളിലേക്കും അസൂയ, ചതി, അഹങ്കാരം, തുടങ്ങിയവയിലേയ്ക്കും നയിക്കുന്നു. ഇങ്ങനെയുള്ള ചിന്തകൾ ഹൃദയത്തിൽ നിറഞ്ഞ് കവിഞ്ഞ് പ്രവൃത്തികളിലൂടെ അത് പുറത്തുവരുമ്പോഴാണ് മറ്റുള്ളവർ അത് അറിയുന്നത്.

ആദ്യസ്നേഹം നഷ്ടപ്പെട്ട അനേകർ സംതൃപ്തിയുള്ള ജീവിതം നയിച്ച് സഭയിലെ കാര്യങ്ങളിൽ എല്ലാം നന്നായി ഉൾപ്പെട്ട് വചനം വായിക്കാനും മറ്റുകാര്യാദികളിലും ഉത്സാഹമുള്ളവരായി പ്രത്യക്ഷത്തിൽ കാണുന്നുണ്ട്. എന്നാൽ അവർ വ്യത്യസ്തരാണ്. അവർ ദൈവത്തെ പരീക്ഷിക്കുന്നു. ദൈവത്തിന്റെ ആത്മാവിന്റെ അഭിഷേകം അവരിലില്ല എന്നതിനാൽ അവരുടെ സാക്ഷ്യമോ വാക്കുകളോ ആർക്കും പ്രയോജനമില്ലാത്തായിരിക്കുന്നു. ദുഃഖം, അധൈര്യം, മ്ലാനത എന്നിവ കൂടി കൊണ്ട് ഹൃദയതാളങ്ങൾ ദൈവത്തിന് പ്രയോജനമില്ലാത്തതായി മാറുന്നു.

അനുതപിക്കുക, ആദ്യത്തെ പ്രവൃത്തി ചെയ്യുക

ആദ്യസ്നേഹം നഷ്ടപ്പെട്ടവർ അപകടമേഖലയിലാണ്. അവർ നല്ല ആളുകളാണ്. നല്ല പ്രവർത്തികൾ ചെയ്യുന്നു, എന്നാൽ ദൈവത്തിനു അവരുടെ പ്രവർത്തിയിൽ പ്രസാദമില്ല. നമ്മുടെ സ്നേഹം ആദ്യം ദൈവം

(ശേഷം 8-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

നിങ്ങളുടെ.....വിട്ടുകളഞ്ഞുവോ?

ആഗ്രഹിക്കുന്നു. പിന്നെ സ്വാഭാവികമായി നമ്മുടെ വിശ്വാസം പ്രവൃത്തികളാൽ വെളിപ്പെട്ടു വരുന്നു. “ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണതയും കൊള്ളരുതാത്തവരെ നിനക്ക് സഹിച്ചുകൂടാത്തതും അപ്പോസ്തലന്മാർ എന്ന് പറയുന്നവരെ നീ പരീക്ഷിച്ച് കള്ളന്മാർ എന്ന് കണ്ടതും, നിനക്ക് സഹിഷ്ണതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നു പോകാഞ്ഞതും ഞാൻ അറിയുന്നു. എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു. എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നും നീക്കിക്കളകയും ചെയ്യും (വെളി. 2:25)”.

അനുതപിച്ച് ദൈവത്തിങ്കലേയ്ക്ക് മടങ്ങിവരിക. നിങ്ങളുടെ ഹൃദയത്തിൽ ആ ആദ്യസ്നേഹം മടങ്ങിവരട്ടേ. നമ്മുടെ ആത്മിക രോഗത്തിന് പരിഹാരം അതുമാത്രമേയുള്ളൂ. ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും (എബ്രാ. 2:3). വിലപ്പെട്ടതായ ദൈവവചനത്തിലെ സന്തോഷത്തിലേയ്ക്ക് നാം മടങ്ങിവരണം. ഏകാന്തതയിൽ കർത്താവിനോട് കൂടെ സമയം ചെലവഴിക്കേണം. വചനധ്യാനത്തിലേയ്ക്കും പ്രാർത്ഥനയിലേക്കും മടങ്ങി വരണം. അതുമാത്രമാണ് നഷ്ടപ്പെട്ട കൂട്ടായ്മയും സന്തോഷവും നമുക്കു തിരികെ നൽകുന്നത്. അവർ യോഗ്യന്മാരാകയാൽ വെള്ളയുടുപ്പു ധരിച്ചുകൊണ്ട് എന്നോടുകൂടെ നടക്കും; ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും, അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നും മായിച്ചു കളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും (വെളി. 3:5). ❖

കണ്ണുനീരില്ലാതെ എത്രത്തോളം

ഒരു ദിവസം പ്രഭാതത്തിൽ എ.ബി. സിംപ്സൻ എന്ന ദൈവഭക്തൻ നഷ്ടപ്പെട്ട ലോകത്തിനുവേണ്ടി ഒരു ഭൂഗോളത്തിന്റെ മാതൃയിൽ കൈവച്ച് പ്രാർത്ഥിക്കുകയായിരുന്നു.

നൂറായിരം ആളുകൾ ഓരോ ദിവസവും

ഒന്നിനു പുറകേ ഒന്നായി കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

ക്രിസ്തുവിനെ കൂടാതെ പാപത്തിലും നാശത്തിലും

ക്രിസ്തു സഭയേ, നീ എന്തു പറയുന്നു

ദാരുണമായ ആ വിധി ദിനത്തിൽ നീയും വിധിക്കപ്പെടും.

വിട്ടു പരിയാതെ ശക്തമായ സുവിശേഷീകരണത്തിനു വേണ്ടിയുള്ള അന്തരാത്മാവിലെ ദാഹത്തെ നാം വിളിക്കുന്ന പേരാണ് ആത്മഭാരം. അത് അനുതപിക്കാത്ത നഷ്ടപ്പെട്ടവരായിരിക്കുന്നവർക്കുവേണ്ടിയുള്ള തകർന്ന മനസ്സോടും നുറുങ്ങിയ ഹൃദയത്തോടും ഉള്ള ചിന്താഭാരമാണ്. 1865-ൽ ഹഡ്സൻ ടെയ്ലർ എന്ന ദൈവഭക്തൻ പാട്ടിലും ആരാധനയിലും സ്വയതൃപ്തി അടയുന്ന ഇംഗ്ലണ്ടിലെ സഭകളെ നോക്കി കോപാകുലരായി. തനിക്ക് ചൈനയെക്കുറിച്ചു ആത്മഭാരമുണ്ടായി. വിശ്വാസികളിലുള്ള തണുത്ത അവസ്ഥയെ സഹിക്കുവാൻ തനിക്ക് കഴിഞ്ഞില്ല. ജോൺ പൊള്ളാക്ക് തന്റെ ആത്മ കഥയിൽ പറയുന്നത് ടെയ്ലർ ചുറ്റും നോക്കി. എവിടെയും നല്ല പുരോഗതി, നല്ലകച്ചവടക്കാർ, ധനവാന്മാർ, സന്ദർശകർ, അനുഗ്രഹിക്കപ്പെട്ട കുടുംബങ്ങൾ, എല്ലാം കൊണ്ടും സന്തോഷമുള്ള അന്തരീക്ഷം. ആയിരമോ അതിലധികമോ ആളുകൾ ഓരോ കൂട്ടായ്മയിലും കൂടിവന്ന് പാട്ടിലും ആരാധനയിലും ലയിച്ച്, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലക്ഷങ്ങളെ മറന്ന് മുന്നോട്ടു പോകുന്നു. എന്നാൽ ടെയ്ലർ പറയുന്നു, ഞാൻ വേദനയോടെ മുട്ടിന്മേൽ നില്ക്കും. ആ കടൽപുറത്ത് ടെയ്ലർ മുട്ടുമടക്കി കഷ്ടപ്പെട്ട് കർത്താവിനു വേണ്ടി വേല ചെയ്യുവാൻ മനസുള്ള സമർപ്പണമുള്ള ഇരുപത്തിനാലു വേലക്കാർക്കുവേണ്ടി പ്രാർത്ഥിച്ചു. ചൈനയിൽ വേലചെയ്യുവാൻ ആളുകളെത്തരണമേ എന്ന് പ്രാർത്ഥിച്ചു.

സിംപ്സന്റെയും ടെയ്ലറുടെയും ദർശനം ഏറ്റെടുക്കുന്ന ചിലവേലക്കാരെ ഞാൻ കാണുന്നു. എന്നാൽ അധികം പ്രാർത്ഥനാ യോഗങ്ങളിലും ഉയർന്നു വരുന്ന ആവശ്യങ്ങൾ മിക്കവാറും ശരീരത്തിനും സമ്പത്തിനും വേണ്ടി മാത്രമുള്ളവയാണ്. രക്ഷിക്കപ്പെടാത്തവനെ മറന്നിരിക്കുന്നു. ക്രിസ്തു ഇല്ലാതെ മരിക്കുന്ന ലക്ഷങ്ങളെ മറന്നിരിക്കുന്നു. മുടന്തൻ മിഷ്യനറി പ്രാർത്ഥനകളും ബൈബിൾ കോളെജുകളും, നഷ്ടപ്പെട്ട ആത്മാക്കളെ ഏകദേശം മറന്നിരിക്കുന്നു.

നഷ്ടപ്പെട്ട ഒരു വലിയ സമൂഹത്തെ ഞാൻ കാണുന്നു. ചില സമയം എന്റെ ഹൃദയം ആവേശം കൊള്ളുന്നു. എന്നാൽ യിരെമ്യാവ് യെരുശലേമിനുവേണ്ടി പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കുവാൻ എനിക്ക് കഴിയുന്നില്ല. പലപ്പോഴും പൗലൊസിനെപ്പോലെ സ്ത്രീകളും പുരുഷന്മാരുമായി ദൈവത്തോടു കേണപേക്ഷിക്കുവാൻ കഴിയുന്നില്ല. എന്നാൽ ജിം എലിയറ്റിനെപ്പോലെ മിടുകൂടാതെ, ലജ്ജിക്കാതെ ഞാൻ പ്രാർത്ഥിക്കുന്നത്, പ്രസംഗികളെയും പ്രസംഗങ്ങളെയും നിന്റെ ശക്തിയാൽ നിറയ്ക്കേണമേ. എത്രനാൾ ഞങ്ങൾ കണ്ണീരില്ലാതെ മുന്നോട്ടു പോകും? ആത്മഭാരവും നഷ്ടപ്പെട്ടവരെ സ്നേഹിപ്പാനുള്ള ഹൃദയവും ഞങ്ങൾക്കു നൽകണമേ. ദൈവമേ താമസിക്കരുതേ. കർത്താവേ താമസിക്കരുതേ.

ക്രിസ്ത്യാനികൾ പലരും വ്യത്യസ്തരാണ്. ആത്മഭാരമില്ലാത്ത ക്രിസ്ത്യാനികൾ മനസാക്ഷിക്ക് രോഗം പിടിച്ചവരാണ്. ഒന്നുകിൽ അവർ പാപത്തെക്കുറിച്ച് ബോധവാന്മാരല്ല. അല്ലെങ്കിൽ ദൈവത്തിന്റെ ക്ഷമിക്കുന്ന കൃപയെ അവർ അറിയുന്നില്ല.

പാപത്തെ സംബന്ധിച്ച വേദപുസ്തക ചിന്ത നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ആഴമായ ഭാരമുളവാക്കും. നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള വേദപുസ്തക ചിന്ത നാം മനസിലാക്കിയാൽ ഒരു പാപി, പാപത്തിൽ മരിച്ചിരിക്കുന്നു, സാത്താനു അടിമയാണ്. പരിശുദ്ധദൈവത്തിന്റെ ന്യായവിധിയിൻ കീഴിലാണ്. നാം ഒരുസ്നേഹിക്കുന്ന ഇടയന്റെ ഹൃദയത്തിനുവേണ്ടി ദൈവത്തോടപേക്ഷിക്കേണം. നഷ്ടപ്പെട്ടവരോടുള്ള ആഴമായ സ്നേഹം ദൈവത്തിൽ നിന്നും പ്രാപിക്കേണം. വേദപുസ്തകം പഠിപ്പിക്കുന്ന ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം നമ്മെ ആത്മഭാരത്തിലേയ്ക്ക് നയിക്കുന്നു. പാപിയെ രക്ഷിപ്പാൻ യേശു ലോകത്തിലേയ്ക്കു വന്നു എന്ന നല്ല വാർത്തയാണ് സുവിശേഷം. ആ രക്ഷ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുന്നു. ദൈവത്തിന്റെ കൃപയാൽ നാം പാപക്ഷമ പ്രാപിച്ച് ദൈവത്തോട് നിരപ്പ് പ്രാപിച്ചവരാണ്. കർത്താവിന്റെ വരവിങ്കൽ നമുക്ക് ഒരു പുതിയശരീരം ലഭിക്കും. പാപമില്ലാത്ത തന്റെ രാജ്യത്തിൽ നമ്മെ ചേർത്തുകൊള്ളും. ❖

(കഴിഞ്ഞ ലക്കം തുടർച്ച)

ഹൃദയത്തിന്റെ അന്വേഷണം

അന്വേഷണത്തിന് ഊന്നൽ കൊടുക്കുന്ന ഒരു പാട്ടിന്റെ അടികൾ ഇങ്ങനെയാണ്; എന്റെ സഹോദരനോസ സഹോദരിയോ അല്ല കർത്താവേ;

എന്നാൽ ഞാൻ പ്രാർത്ഥന ആവശ്യമുള്ളവനായിരിക്കുന്നു;

പ്രാർത്ഥന ആവശ്യമുള്ളവനായി നില്ക്കുന്നു.

ആ പാസ്റ്ററല്ല, ആ പ്രസംഗിയല്ല കർത്താവേ;

ഞാൻ തന്നെ പ്രാർത്ഥന ആവശ്യമുള്ളവനായിരിക്കുന്നു.

മൂപ്പനല്ല, ഡീക്കനുമല്ല, കർത്താവേ

ഞാൻ പ്രാർത്ഥന ആവശ്യമുള്ളവനായി നില്ക്കുന്നു.

“ശിഷ്യന്മാർ ഒരിക്കലും പറഞ്ഞില്ല ഇത് പത്രോസല്ലേ..... ഇത് യാക്കോബല്ലേ... ഇത് യൂദയല്ലേ? എന്ന് എന്നാൽ, “ഇത് ഞാനോ, ഞാനോ എന്ന് ഓരോരുത്തുൻ പറഞ്ഞുതുടങ്ങി ”(മത്താ. 26:22) ആകാശത്തിൻകീഴുള്ള എല്ലാറ്റിനും ഒരു സമയമുണ്ട്; ആത്മ പരിശോധനയ്ക്ക് ഒരു സമയമുണ്ട്. നമ്മുടെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നാൽ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല, നമ്മുടെ ഹൃദയങ്ങളെ പരിശോധിച്ച് പാപങ്ങളെ ഏറ്റു പറഞ്ഞുപേക്ഷിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി വരും.

ദൈവത്തിന് മാത്രമേ നമ്മുടെ പാപങ്ങളെ ക്ഷമിക്കുവാൻ കഴിയൂ. പാസ്റ്റർക്കോ ഒരു മനശാസ്ത്രജ്ഞനോ; ഒരു ഡോക്ടർക്കോ ഒരു മന്ത്രവാദിക്കോ, കൂട്ടുകാരനോ ശത്രുവിനോ, അവ പിടിക്കുവാൻ സാദ്ധ്യമല്ല. പാപം ദൈവത്തെ നമ്മിൽ നിന്നും അകറ്റുന്നു, ദൈവത്തിനു മാത്രമെ നമ്മുടെ യഥാർത്ഥമായ അവസ്ഥയെ വെളിപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

ഒരു ഡോക്ടറോടോ മനഃശാസ്ത്രജ്ഞനോടോ സംസാരിക്കുമ്പോൾ എല്ലാ കാര്യങ്ങളും വെളിപ്പെടുത്താറില്ല. ഒരു പാസ്റ്ററോ ഒരു മനഃശാസ്ത്രജ്ഞനോ അവർക്ക് ലഭിക്കുന്ന സൂചനകൾ വച്ച് മുൻവിധികളും സാഹചര്യങ്ങളും, പഠനങ്ങളും വച്ച് അതനുസരിച്ചുള്ള ഒരു തീരുമാനത്തിലെത്തിച്ചേരുന്നു. പ്രശ്നങ്ങൾ ഒരു പരിധിവരെമാത്രമേ പറയാറുള്ളൂ, പറയുന്ന കാര്യങ്ങൾ വച്ചേ വിധിക്കാറുള്ളൂ. പ്രശ്നങ്ങൾക്കും പ്രതിവിധികൾക്കും പരിധികളുണ്ട്. മനുഷ്യന്റെ പരിശ്രമങ്ങൾ പൂർണ്ണതയുള്ളതായിരിക്കയില്ല. എന്നാൽ ദൈവത്തിന് ഒരിക്കലും തെറ്റുപറ്റുകയില്ല. മനുഷ്യൻ പലപ്പോഴും തന്റെ സ്വന്തം ഹൃദയത്തിന്റെ അവസ്ഥ തന്നെ മനസിലാക്കുന്നതിൽ പരാജയപ്പെട്ടു പോകുന്നു.

മനുഷ്യൻ എപ്പോഴും തന്റെ പാപത്തെ നിസാരമായിട്ടാണ് കാണുന്നത്. അവ നിലുള്ള പാപത്തിന്റെയോ രോഗത്തിന്റെയോ സംബന്ധിച്ചോ സംസാരിക്കുമ്പോൾ പലതിനെയും മറച്ചുവച്ച് പറഞ്ഞ കള്ളങ്ങളെ ആവർത്തിച്ച് പറഞ്ഞ് വിശ്വസിപ്പിക്കാറുണ്ട്. ഒരു മനുഷ്യനും തന്റെ ഹൃദയത്തെപ്പോലും ശരിക്ക് മനസിലാക്കാൻ സാദ്ധ്യമല്ല. കാരണം ഹൃദയം മുഴുവനും വഞ്ചന നിറഞ്ഞതാണ്. ദൈവം നമ്മുടെ ഹൃദയത്തെയും മനസിനെയും ആരായുന്നു. മനുഷ്യനെ ദൈവം പൂർണ്ണമായും അറിയുന്നു. വെറുപ്പും കൊലപാതകത്തിന് കാരണമാകുന്നു, അത്യാഗ്രഹം മോഷണത്തിന് വഴിയൊരുക്കുന്നു. ആവശ്യമില്ലാത്ത ചിന്തകൾ വ്യഭിചാരത്തിലേയ്ക്ക് നയിക്കുന്നു. ചിന്തകൾ നമ്മുടെ ഇഷ്ടത്തെക്കാൾ വലുതായിരിക്കാം. അത് നമ്മെ ആസക്തരാക്കിയിട്ട് ചിന്തകളെ പ്രവർത്തികളാക്കി മാറ്റുന്നു.

ആത്മാവു ഹൃദയത്തെക്കുറിച്ച് ചിന്തിക്കുന്നു. മനസ്സ് ഓരോ വിശ്വാസിയും വഴിയിൽ നിന്ന് എങ്ങനെ അന്യപ്പെട്ടുപോയി എന്ന് ചിന്തിക്കുന്നു. പാപത്തെക്കുറിച്ചുള്ള അനുതാപവും ഏറ്റുപറച്ചിലും പഴയ വഴിയിലേക്കു മടങ്ങിവരുന്നതിനും കൂട്ടായ്മയ്ക്കും കാരണമാക്കുന്നു. ഒരു വിശ്വാസി പരിശുദ്ധാത്മാവിന്റെ, സഹായത്താലാണ് തന്നെത്താൻ വിവേചിക്കയും തന്റെ ഹൃദയത്തെക്കുറിച്ച് അന്വേഷിക്കയും ചെയ്യുന്നത്.

ഒന്നാമതായി ഒരു വിശ്വാസി തന്റെ ആവശ്യം തിരിച്ചറിയണം തന്റെ വഴികൾ ദൈവത്തിന്റെ ഇഷ്ടത്തിലല്ല എന്ന് താഴ്മയോടെ അംഗീകരിക്കേണം. എന്നിട്ട് ദൈവത്തോട് പ്രാർത്ഥിക്കേണം. തന്റെ ഹൃദയത്തെ ശോധന ചെയ്യുവാൻ പരിശുദ്ധാത്മാവിനോടു പറയേണം. പ്രാർത്ഥനയിൽ തുടരുകമാത്രമല്ല. പരിശുദ്ധാത്മാവ് നമ്മെ പരിശോധിക്കേണം, ദൈവവചനത്തിൽ ശ്രദ്ധകൊടുക്കേണം. ദൈവവചനത്തിന്റെ പ്രബോധനങ്ങൾ ഈ അവസ്ഥയിൽ നമുക്ക് ഗുണം ചെയ്യും. പരിശുദ്ധാത്മാവ് നമ്മെ ബുദ്ധിയുപദേശിക്കും. മനസിനെയും ഹൃദയത്തെയും ദൈവമുമ്പാകെ താഴ്ത്തി ഓർമ്മയുടെ നിലവറകളെ തുറന്ന് ആത്മീയജീവിതത്തെ വഴിതെറ്റിച്ച പ്രവൃത്തികളെയും ചിന്തകളെയും കണ്ടുണരേണം. ഒരു നല്ല ഉപദേശകന്റെ സഹായം തേടണം. പലപ്പോഴും നല്ല ഉപദേശകൻ പരിശുദ്ധാത്മാവിനാൽ തന്റെ വിശ്വസ്തമായ നാവിനാൽ നമ്മെ ബുദ്ധിയുപദേശിക്കും.

പലരും തങ്ങളുടെ പാപങ്ങളെക്കുറിച്ച് ബോധവാന്മാരല്ല, അവരുടെ പ്രാർത്ഥന വെറും പരാതിളായി മാറുന്നു. വ്യസനിപ്പിക്കുന്ന കാര്യങ്ങളൊന്നും എന്നിലില്ല എന്നവർ ചിന്തിക്കുന്നു, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന കാര്യങ്ങൾ എല്ലം നമ്മുടെ അനുഗ്രഹത്തിന് തടസ്സങ്ങളാണ്. “അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്കു പറയുന്നു. സത്യം അവനിലില്ല” (1 യോഹ. 1:6).

നിത്യജീവന്റെ വഴിയിൽ നടക്കുക എന്ന് പറഞ്ഞാൽ വെളിച്ചത്തിൽ നടക്ക, എന്നാണർത്ഥം. അതിന്റെ അർത്ഥം സത്യത്തിൽ നടക്ക എന്നാണ്. ക്രിസ്തു വഴിയും,സത്യവും ജീവനും ആകുന്നു. വഴിയിൽ നടക്ക എന്നതും, സത്യത്തെ അനുസരിക്ക എന്നതും സമൃദ്ധിയായ ജീവന്റെ രഹസ്യമാണ്.

പരിശുദ്ധാത്മവ് നമ്മെ ഒരിക്കലും കൈവിടുകയില്ല എന്ന് ഓരോ വിശ്വാസിയും ഉറപ്പു പ്രാപിച്ചിരിക്കേണ്ടതാണ്. ദൈവത്തിന്റെ ഇടപെടലുകൾ ശ്രേഷ്ഠങ്ങളാണ്. തന്റെ പ്രവർത്തി ദയയുള്ളതാണ്. ദൈവത്തിന്റെ സ്നേഹം നിർമ്മലമാണ്. ❖

(5-ാം പേജിന്റെ തുടർച്ച)

പൂർണ്ണമായി .... ഒരു ഹൃദയം

ഒരു പ്രാർത്ഥനയ്ക്കും ആഹ്വാനം ചെയ്യാതെ ഈ അത്ഭുതകരമായ സംഭവങ്ങൾ അരങ്ങേറി. മുക്ക്ഡൻ, ലിയാവോയാംഗ് തുടങ്ങിയ സ്ഥലങ്ങളിലുള്ള ദൈവജനം അയൽസഭയായ നെക്ക് വാംഗ് നുവേണ്ടി പ്രാർത്ഥിച്ചു. ദൈവത്തിന്റെ പ്രവൃത്തി അവർ കണ്ടു.ണർന്നു. ഉണർന്നു പ്രാർത്ഥിച്ചപ്പോൾ സഭയിലുണ്ടായ ഉണർവ്വ് അവർ നേരിൽകണ്ടു. ❖